# ഗംഗാസമതലത്തിലേക്ക്

---

**Que.1. ചുവടെ തന്നിട്ടുള്ളവയിൽ ദക്ഷിണേന്ത്യയിൽ സ്ഥിതി ചെയ്തിരുന്ന മഹാജനപദം ഏതാണ്?** **[Marks :(1)]**

**(കുരു, മല്ല, അസ്മകം, ഗാന്ധാരം)**

**Ans.** അസ്മകം

**Que.2. ഇന്ത്യയെ ആക്രമിക്കാൻ പേർഷ്യൻ ഭരണാധികാരിയായിരുന്ന സൈറസിനെ പ്രേരിപ്പിച്ച ഘടകങ്ങൾ ഏതെല്ലാം?** **[Marks :(2)]**

**Ans.**

- ഇന്ത്യയിലെ സമ്പത്തിനെക്കുറിച്ചുള്ള അറിവ്
- ഇന്ത്യയുടെ വടക്കു പടിഞ്ഞാറൻ പ്രദേശത്തെ ഭരണാധികാരികൾക്കിടയിലുള്ള അനൈക്യം

**Que.3. ഇന്ത്യയെ ആക്രമിക്കാൻ അലക്സാണ്ടറെ പ്രേരിപ്പിച്ച ഘടകങ്ങൾ ഏതെല്ലാം?** **[Marks :(2)]**

**Ans.**

- പേർഷ്യൻ സാമ്രാജ്യത്തിന്റെ കീഴിലെ മുഴുവൻ പ്രദേശങ്ങളും കീഴടക്കുക.
- ഗ്രീക്ക് സംസ്കാരം വ്യാപിപ്പിക്കുക.

**Que.4. കൃഷിയുടെ വികാസം മഹാജനപദങ്ങളുടെ വളർച്ചയ്ക്ക് കാരണമായതെങ്ങനെ?** **[Marks :(4)]**

**Ans.**

- കൃഷിയുടെ വികാസത്തോടെ ജനങ്ങൾ സ്ഥിര താമസമാരംഭിച്ചു
- ജനങ്ങൾ പാദമൂന്നിയ സ്ഥലം ജനപദം
- സ്ഥിര താമസമാക്കിയ ഗോത്രത്തിന്റെ പേരിൽ ജനപദം അറിയപ്പെട്ടു.
- ജനപദങ്ങൾ കൂടിച്ചേർന്ന് മഹാജനപദങ്ങളായി.

**Que.5. മഗധയിലെ ഭരണാധികാരിയായിരുന്ന അജാതശത്രു ബുദ്ധനെ സന്ദർശിക്കുന്ന രംഗങ്ങൾ ഏത് സ്തൂപത്തിലാണ് കൊത്തിവച്ചിട്ടുള്ളത്?**

**[Marks :(1)]**

**Ans.** മധ്യപ്രദേശിലെ ഭാർഹുതിലെ സ്തൂപത്തിൽ.

**Que.6. അഹിംസയ്ക്ക് പ്രാധാന്യം നൽകിയത് ജൈന-ബുദ്ധമതങ്ങളുടെ ഒരു പൊതുസവിശേഷതയാണ്. മറ്റുള്ളവ ഏതെല്ലാം?**

[Marks :(4)]

**Ans.**

- മത പ്രചരണത്തിനായി വിവിധ നിർമിതികൾ
- വൈദികാചാരങ്ങളെ എതിർത്തു
- ജാതിവ്യവസ്ഥയെ എതിർത്തു
- സാധാരണക്കാരന്റെ ഭാഷയിൽ ആശയങ്ങൾ പ്രചരിപ്പിച്ചു

**Que.7. താഴെപ്പറയുന്നവയിൽ ജൈനമതത്തിനും ബുദ്ധമതത്തിനും പൊതുവായ സവിശേഷത ഏതാണ്?**

**ത്രിപിടകങ്ങളിൽ മതതത്വങ്ങൾ പ്രചരിപ്പിച്ചു.**

**24 തീർത്ഥങ്കരന്മാർ ഉണ്ടായിരുന്നു.**

**സാധാരണക്കാരന്റെ ഭാഷയിൽ ആശയങ്ങൾ പ്രചരിപ്പിച്ചു.**

[Marks :(1)]

**Ans.** സാധാരണക്കാരന്റെ ഭാഷയിൽ ആശയങ്ങൾ പ്രചരിപ്പിച്ചു.

**Que.8. ഗോമതേശ്വര പ്രതിമ സ്ഥിതി ചെയ്യുന്ന സ്ഥലം ഏത്**

[Marks :(1)]

**Ans.** കർണാടകത്തിലെ ശ്രാവണബെൽഗോള

**Que.9.**

'എ' വിഭാഗത്തിനോട് യോജിക്കുന്നവ 'ബി' വിഭാഗത്തിൽ നിന്നും കണ്ടെത്തി എഴുതുക.

| എ | ബി |
|---|---|
| എ.എൽ.ബാഷാം | ഏഷ്യയുടെ പ്രകാശം |
| എഡ്‌വിൻ ആർനോൾഡ് | പേർഷ്യ |
| സൈറസ് | മാസിഡോണിയ |
| അലക്സാണ്ടർ | ഇന്ത്യ എന്ന വിസ്മയം |

[Marks :(4)]

Ans.

| എ | ബി |
|---|---|
| എ.എൽ.ബാഷാം | ഇന്ത്യ എന്ന വിസ്മയം |
| എഡ്വിൻ ആർനോൾഡ് | ഏഷ്യയുടെ പ്രകാശം |
| സൈറസ് | പേർഷ്യ |
| അലക്സാണ്ടർ | മാസിഡോണിയ |


**Que.10. ശ്രമണരുടെ ആവിർഭാവത്തിന് വഴിതെളിച്ച സാഹചര്യം വിശദമാക്കുക.**

**[Marks :(3)]**

**Ans.**

- വർധിച്ചു വന്ന യാഗങ്ങളും അവയുടെ ഭാഗമായി നടന്നിരുന്ന മൃഗബലിയും കാർഷിക മേഖലയുടെ വളർച്ചയ്ക്ക് തടസമായി.
- ആചാരാനുഷ്ഠാനങ്ങൾ വർദ്ധിച്ചതോടെ പുരോഹിതന്മാർ അനിയന്ത്രിതമായ സമ്പത്തും അധികാരവും കൈക്കലാക്കി
- കച്ചവടവും നഗരങ്ങളും വളർന്നതോടെ വൈശ്യർ സമ്പന്നരായി എങ്കിലും അവർക്ക് സമൂഹത്തിൽ താഴ്ന്ന സ്ഥാനമാണ് ഉണ്ടായിരുന്നത്.

**Que.11.**



**[Marks :(3)]**

**Ans.** ഋഗ്വേദം, യജുർവേദം, സാമവേദം

**Que.12. പേർഷ്യൻ ആക്രമണം ഇന്ത്യയെ സ്വാധീനിച്ചതെങ്ങനെ? വിവരിക്കുക.**

**[Marks :(4)]**

**Ans.**

- പേർഷ്യയും ഇന്ത്യയും തമ്മിലുള്ള വാണിജ്യം വർദ്ധിച്ചു.
- ഖരോഷ്ഠി - ലിപി
- ഇന്ത്യൻ ശില്പകലയെ സ്വാധീനിച്ചു.
- പേർഷ്യൻ സ്വർണ്ണനാണയം
- ഇന്ത്യൻ പണ്ഡിതന്മാർക്കും ചിന്തകർക്കും പ്രോത്സാഹനം

**Que.13. ചുവടെ തന്നിട്ടുള്ള ജനപദങ്ങളിൽ ഏത് ഇന്ത്യയുടെ വടക്കു പടിഞ്ഞാറ് ഭാഗത്ത് നിലനിന്ന ജനപദം ഏതെന്ന് കണ്ടെത്തി എഴുതുക?**

**മഗധ, മല്ല, കംബോജം**

**[Marks :(1)]**

**Ans.** കംബോജം

**Que.14.**

ബ്രാക്കറ്റിൽ നിന്ന് ശരിയായവ തെരഞ്ഞെടുത്ത് പട്ടിക പൂർത്തിയാക്കുക.

| രാജവംശം | ഭരണാധികാരികൾ |
|---|---|
| ഹര്യങ്ക രാജവംശം | |
| ശിശുനാഗ രാജവംശം | |
| നന്ദ രാജവംശം | |

(ശിശുനാഗൻ, മഹാപത്മനന്ദൻ, ബിംബിസാരൻ)

**[Marks :(3)]**

**Ans.**

A. ബിംബിസാരൻ

B. ശിശുനാഗൻ

C. മഹാപത്മനന്ദൻ

**Que.15. ബുദ്ധമതം അധ:പതിയ്ക്കാനുള്ള കാരണങ്ങൾ എഴുതുക?**

**[Marks :(3)]**

**Ans.**

- രാജാക്കന്മാരുടെ പിന്തുണ ലഭിച്ചില്ല.
- ഹീനയാനം, മഹായാനം എന്നിങ്ങനെയുള്ള വിഭജനം
- വൈദിക മതത്തിന്റെ പുനരുത്ഥാനം

**Que.16. ഇന്ത്യയുടെ വിദ്യാഭ്യാസ പുരോഗതിയിൽ ബുദ്ധമതം വഹിച്ച പങ്ക് വ്യക്തമാക്കുക.**

**[Marks :(3)]**

**Ans.**

- നളന്ദ, തക്ഷശില, വിക്രമശില തുടങ്ങിയ സർവ്വകലാശാലകൾ സ്ഥാപിച്ചു.
- ഈ സർവ്വകലാശാലകൾ ബുദ്ധമത പഠനത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും കേന്ദ്രങ്ങളായിരുന്നു.

**Que.17. ഇന്ത്യയ്ക്ക് പുറത്ത് ബുദ്ധമതം പ്രചരിച്ച ഏതെങ്കിലും രണ്ട് രാജ്യങ്ങളുടെ പേര് എഴുതുക.**

**[Marks :(2)]**

**Ans.** മ്യാൻമാർ, ജപ്പാൻ, ചൈന, ശ്രീലങ്ക, ജാവ, സുമാത്ര

(ഏതെങ്കിലും 4 എണ്ണം)

**Que.18.**

**[Marks :(2)]**

പദസൂര്യൻ പൂർത്തിയാക്കുക.




**Ans.** സുത്തപിടകം

അഭിധമ്മപിടകം

**Que.19. ബുദ്ധമത തത്വങ്ങളെക്കുറിച്ച് കുറിപ്പ് തയാറാക്കുക.**

**[Marks :(3)]**

**Ans.** അഹിംസ

കർമം

ധാർമിക ജീവിതം

**Que.20.**

പദസൂര്യൻ പൂർത്തിയാക്കുക.




**[Marks :(3)]**

**Ans.** ശ്രാവസ്തി, വൈശാലി, ബനാറസ്, കുശിനഗരം, കൗസംബി

(ഇവയിൽ ഏതെങ്കിലും 3 എണ്ണം)

**Que.21. ആര്യന്മാരുടെ സപ്തസൈന്ധവ പ്രദേശത്തെ ജീവിതവും ഗംഗാസമതലത്തിലെ ജീവിതവും താരതമ്യം ചെയ്ത് പട്ടിക പൂർത്തിയാക്കുക.**

| സപ്തസൈന്ധവ പ്രദേശം | ഗംഗാസമതലം |
|---|---|
| A | കൃഷി |
| വിധാത, സഭ, സമിതി | B |
| മൂന്ന് സാമൂഹിക വിഭാഗങ്ങൾ | C |
| D | സങ്കീർണമായ ആരാധനാരീതി |

**[Marks :(4)]**

**Ans.** A – കന്നുകാലി വളർത്തൽ

B – ഗോത്രസഭകളുടെ പ്രാധാന്യം കുറഞ്ഞു

C – നാല് സാമൂഹിക വിഭാഗങ്ങൾ

D – ലളിതമായ ആചാരം

**Que.22. ഇരുമ്പിന്റെ ഉപയോഗം ഗംഗാസമതലത്തിലെ ജനങ്ങളുടെ ജീവിതത്തിലുണ്ടാക്കിയ മാറ്റങ്ങൾ വ്യക്തമാക്കുക.**

**[Marks :(4)]**


**Ans.**

- ഇരുമ്പായുധങ്ങൾ ഉപയോഗിച്ച് കാടുകൾ വെട്ടിത്തെളിച്ചു.
- ഇരുമ്പ് കൊഴു ഉള്ള കലപ്പ ഉപയോഗിച്ച് നിലം ഉഴുതുമറിച്ച് കൃഷി ചെയ്തു.
- കൃഷിയുടെ വ്യാപനത്തോടെ സ്ഥിരവാസമുറപ്പിച്ചു.

**Que.23.**

**[Marks :(4)]**

പിൽക്കാല വേദകാലഘട്ടത്തിലെ സാമൂഹിക ഘടനയെയും തൊഴിലും അടിസ്ഥാനമാക്കി ചാർട്ട് പൂർത്തിയാക്കുക.




**Ans.**

**A - വൈശ്യർ**

**B - പുരോഹിതർ**

**C – ഭരണാധികാരികൾ/സേനാനികൾ**

**D – ദാസ്യവൃത്തി**

**Que.24. ഗംഗാതടത്തിലെ ആര്യന്മാർ രാജാവിന് നൽകുന്ന ഒരു നികുതിയായിരുന്നു ബലി. മറ്റൊരു നികുതിയുടെ പേരെഴുതുക?**

**[Marks :(1)]**

**Ans.** ഭാഗ

**Que.25.**

'എ' കോളത്തിന് അനുയോജ്യമായവ 'ബി' കോളത്തിൽ നിന്നും കണ്ടെത്തി എഴുതുക?

| എ | ബി |
|---|---|
| കാലശോകൻ | ഹര്യങ്കരാജവംശം |
| മഹാവീരൻ | പേർഷ്യ |
| അജാതശത്രു | ശിശുനാഗരാജവംശം |
| സൈറസ് | തീർത്ഥങ്കരന്മാർ |

**[Marks :(4)]**

**Ans.**

| എ | ബി |
| --- | --- |
| കാലശോകൻ | ശിശുനാഗരജാവംശം |
| മഹാവീരൻ | തീർത്ഥങ്കരന്മാർ |
| അജാതശത്രു | ഹര്യങ്കരാജവംശം |
| സൈറസ് | പേർഷ്യ |

**Que.26. ആര്യന്മാരുടെ കിഴക്കോട്ടുള്ള വ്യാപനത്തെക്കുറിച്ച് വിവരം തരുന്ന പുരാവസ്തു തെളിവുകൾ എന്തെല്ലാം?**

**[Marks :(2)]**

**Ans.** ഉത്തർ പ്രദേശിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ലഭിച്ച ഇരുമ്പായുധങ്ങളുടേയും ചാരനിറത്തിലുള്ള മൺപാത്രങ്ങളുടേയും അവശിഷ്ടങ്ങൾ.

**Que.27. സപ്തസൈന്ധവ പ്രദേശത്ത് നിന്നും ഗംഗാസമതലത്തിലേക്ക് കുടിയേറാൻ ആര്യന്മാരെ സഹായിച്ച പ്രധാന ഘടകം ഏതാണ്**

**[Marks :(1)]**

**Ans.** ഇരുമ്പായുധങ്ങളുടെ ഉപയോഗം

**Que.28.**

പദസൂര്യൻ പൂർത്തിയാക്കുക.



**[Marks :(2)]**

**Ans.** പുരോഹിതർ, സാധാരണക്കാർ

**Que.29. ആര്യന്മാർ ആദ്യകാലത്ത് ഇന്ത്യയിൽ താമസിച്ച പ്രദേശം ഏതായിരുന്നു?**

**(ഗംഗാതടം, ബ്രഹ്മപുത്രാതടം, സപ്തസൈന്ധവപ്രദേശം, ഡക്കാൻ)**

**[Marks :(1)]**

**Ans.** സപ്തസൈന്ധവ പ്രദേശം

**Que.30. സപ്ത സൈന്ധവ പ്രദേശം ഇന്ത്യയുടെ ഏത് ഭാഗത്താണ് സ്ഥിതി ചെയ്യുന്നത്?**

**(തെക്ക് പടിഞ്ഞാറ്, വടക്കു പടിഞ്ഞാറ്, വടക്ക് കിഴക്ക്, തെക്ക് കിഴക്ക്)**

**[Marks :(1)]**

**Ans.** വടക്ക് പടിഞ്ഞാറ്

**Que.31. സംസ്കൃതത്തിൽ രചിക്കപ്പെട്ട ആദ്യത്തെ കൃതി?**

**[Marks :(1)]**

**Ans.** ഋഗ്വേദം

**Que.32. സപ്തസൈന്ധവ പ്രദേശത്ത് അധിവസിച്ചിരുന്ന ജീവിത പ്രത്യേകതകൾ വിശദമാക്കുക?**

**[Marks :(4)]**

**Ans.**

- ആര്യന്മാർ വിവിധ ഗോത്രങ്ങളായി ജീവിച്ചിരുന്നു.
- ഓരോ ഗോത്രവും നിരവധി കുടുംബങ്ങൾ ഉൾപ്പെട്ടത്.
- ഗോത്രത്തിലെ മുതിർന്ന അംഗം ഗോത്രതലവൻ
- വിധാത, സഭ, സമിതി എന്നീ ഗോത്രസഭകൾ
- പ്രധാന തൊഴിലുകൾ കന്നുകാലിവളർത്തൽ, കൃഷി
- യുദ്ധങ്ങൾ നടത്തിയിരുന്നു.

  (ഏതെങ്കിലും 4 എണ്ണം)

**Que.33. പ്രാചീന കാലത്ത് ഇന്ത്യയെ ആക്രമിച്ച രണ്ട് പേർഷ്യൻ ഭരണാധികാരികൾ ആരെല്ലാം?**

**[Marks :(2)]**

Ans.

- സൈറസ്
- ഡാരിയസ് II

**Que.34. യൂറോപ്പുമായുള്ള വ്യാപാരബന്ധം ശക്തിപ്പെട്ടത് മാസിഡോണിയയുടെ ഇന്ത്യൻ ആക്രമണ ഫലങ്ങളിൽ ഒന്നായിരുന്നു. മറ്റ് ഫലങ്ങൾ ഏതെല്ലാം?**

**[Marks :(4)]**

**Ans.**

- കരയിലും കടലിലുമായി പുതിയ വാണിജ്യപാതകൾ വികസിച്ചു.
- ഭൂമിശാസ്ത്രപരമായ അറിവ് വർദ്ധിച്ചു.
- ഇന്ത്യയുടെ വടക്കു പടിഞ്ഞാറൻ പ്രദേശത്തെ രാഷ്ട്രീയ ഏകീകരണം
- ഗ്രീക്ക് നിർമാണകല ഇന്ത്യയിൽ പ്രചരിച്ചു.

**Que.35. ഏറ്റവും ശക്തമായ മഹാജനപദമായി മാറാൻ മഗധയെ സഹായിച്ച ഘടകങ്ങൾ ഏതെല്ലാം?**

**[Marks :(6)]**

**Ans.**

- ഇരുമ്പയിരിന്റെ നിക്ഷേപം വൻതോതിൽ ആയുധങ്ങളും കാർഷിക ഉപകരണങ്ങളും നിർമിക്കാൻ സഹായിച്ചു.
- ഗംഗയും പോഷകനദികളും മഗധയെ ഫലഭൂയിഷ്ഠമാക്കി.
- ഗംഗാസമതലത്തിലെ നിബിഡ വനങ്ങളിലെ മരങ്ങൾ ഉപയോഗിച്ച് വാണിജ്യ ആവശ്യത്തിനുള്ള വലിയ വഞ്ചികൾ പണിതു.
- യുദ്ധത്തിൽ ആനകളെ ഉപയോഗിച്ചു
- കാർഷിക വാണിജ്യ പുരോഗതി
- നദീ ജലഗതാഗതം
- ശക്തരായ ഭരണാധികാരികളും സുശക്തമായ സൈന്യവും

  (ഏതെങ്കിലും 6 എണ്ണം എഴുതണം)

**Que.36. മഹാജനപദങ്ങളിൽ നിലനിന്നിരുന്ന വ്യത്യസ്തമായ ഭരണരീതികൾ ഏതെല്ലാം?**

**അവ ഏതൊക്കെ പ്രദേശങ്ങളിലായിരുന്നു നിലനിന്നിരുന്നത്?**

**[Marks :(4)]**

**Ans.**

രാജവാഴ്ച, ഗണസംഘ ഭരണം

രാജവാഴ്ച – ഗംഗാതട പ്രദേശം

ഗണസംഘഭരണം - ഹിമാലയ പർവ്വതത്തോട് അടുത്തു കിടക്കുന്ന പ്രദേശം.